ഓഗസ്റ്റ് 2009
തിങ്കൾ
1184 കർക്കടകം 18

ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും മലയാള മനോരമയോടൊപ്പം സൗജന്യം

ESTABLISHED 1888
കോഴിക്കോടിന്റെ മുഖപത്രം



2

മിണ്ടാപ്രാണികളെ സ്നേഹിച്ച ശിഹാബ് തങ്ങൾ

# മെട്രോ മനോരമ

ആഷിന്റെ മേനിയിൽ വാർധക്യമെഴുതുന്നു

4





പെരുവയൽ കായലം പെരച്ചൻകുന്നിനു മുകളിലെ നെൽകൃഷിയിടത്തിൽ മുസ്തഫ വിളവു പരിശോധിക്കുന്നു.

## മൊട്ടക്കുന്നിൽ സ്വപ്നം വിളഞ്ഞതു നൂറുമേനി

മാവൂർ: മൊട്ടക്കുന്നിനു മുകളിലെ പൊൻകതിരുകൾക്കു നൂറുമേനി. പെരുവയൽ കായലം പെരച്ചൻ കുന്നിനു മുകളിലെ കരിമ്പാറക്കൂട്ടങ്ങൾക്കിടയിലെ മൂന്നേക്കർ സ്ഥലത്ത് പെരുമണ്ണ പീടികത്തൊടി കെ.ഇ. മുസ്തഫയുടെ നെൽകൃഷിയാണ് നൂറുമേനി പൊൻകതിരേന്തി നിൽക്കുന്നത്. ഇവയ്ക്കൊപ്പം പെരുമണ്ണ പൂവോട് കുന്നിലും പെരായിക്കോട് കുന്നിലുമായി 12 ഏക്കറിൽ വാഴ, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, നനക്കിഴങ്ങ് തുടങ്ങി ഈന്തും തെങ്ങും കവുങ്ങും വരെ മുസ്തഫയെന്ന പ്രവാസി ബിസിനസുകാരന്റെ കൃഷിയിലുണ്ട്.

കുന്നോളം ദുരിതം പേറിയ ബാല്യത്തെ മനസ്സിൽ നിന്നു മായ്ക്കാതെ ജീവിതച്ചെലവുകളിൽ നിന്നു മിച്ചം വച്ച ചെറിയ തുക സ്വരൂപിച്ച് മൊട്ടക്കുന്നുകൾ വാങ്ങി പാഴ്മരങ്ങൾ മുറിച്ചുനീക്കി ഭൂമിയെ തട്ടുകളാക്കി തിരിച്ചാണു മുസ്തഫയുടെ കൃഷി.

കാലാവസ്ഥയറിഞ്ഞു വിത്തിറക്കിയാലേ വെള്ളം കിട്ടൂ. മൊട്ടക്കുന്നുകൾ ഉഴുതുമറിച്ച് മഴയെ മാത്രം ആശ്രയിച്ചാണു കൃഷിയിറക്കുന്നത്.

നാട്ടറിവുകളുമായി ജൈവവളങ്ങൾ മാത്രമുപയോഗിച്ചാണ് കൃഷി ചെയ്യുന്നത്. കടലപ്പിണ്ണാക്കും ചാണകവും വെള്ളത്തിൽ കലർത്തി പുളിപ്പിച്ചെടുത്ത് വിളകൾക്കു ചുവട്ടിലൊഴിച്ചും കൃത്യമായ ജൈവവള ലഭ്യത ഉറപ്പുവരുത്തിയും പൂർണമായും പ്രകൃതിയോട് ഇണങ്ങുന്ന കൃഷിരീതിയാണിവിടെ പരീക്ഷിക്കുന്നത്. മുസ്തഫയുടെ സുഹൃത്തുക്കളായ രാജീവ് പെരുമൺപുറയും മണിയും ബാലകൃഷ്ണനുമെല്ലാം കൃഷിയിടങ്ങളിൽ സജീവസാന്നിധ്യമാണ്. പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ഏറ്റവും നല്ല കർഷകനുള്ള അവാർഡും മുസ്തഫ ഈ കുന്നിൻപുറങ്ങളിലെത്തിച്ചിട്ടുണ്ട്.

## ബീച്ച് ആശുപത്രിയിൽ മരുന്നില്ല

സ്വന്തം ലേഖകൻ

കോഴിക്കോട്: പകർച്ചപ്പനിയും അനുബന്ധ രോഗങ്ങളും പടരുമ്പോഴും ഇതിന് ആവശ്യമായ മരുന്നുകൾ ബീച്ച് ആശുപത്രിയിൽ ഇല്ല. ചിക്കുൻഗുനിയയുടെ ലക്ഷണങ്ങളുമായി ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ഡോക്ടർ നാലു മരുന്നുകൾ കുറിച്ചു നൽകിയെങ്കിലും ഒരു മണിക്കൂറോളം ഫാർമസിക്കു മുൻപിൽ കാത്തിരുന്നപ്പോൾ ലഭിച്ചത് പാരസെറ്റമോൾ മാത്രം.

ണ് ഈ അവസ്ഥ. ജില്ലാ ആശുപത്രിയായ ഇവിടെ പ്രതിദിനം ആയിരത്തിയഞ്ഞൂറോളം പേരാണ് പനിക്കും അനുബന്ധ രോഗങ്ങൾക്കുമായി ചികിത്സ തേടിയെത്തുന്നത്.

ഇവിടെ ചികിത്സയ്ക്ക് എത്തുന്ന പലരുടെയും സ്ഥിതി ഇതാണ്. ഒന്നും രണ്ടും പേർ താങ്ങിയെടുത്താണ് പല രോഗികളെയും കൊണ്ടുവരുന്നത്. ചിക്കുൻഗുനിയ ലക്ഷണങ്ങളുമായെത്തുന്നവർക്ക് പാരസെറ്റമോൾ, ഹൈഡ്രോക്സി ക്ലോറോകിൻ സൾഫേറ്റ് (എച്ച്സിക്യുഎസ്–200 എംജി), സെസലോ റെറ്റിഡിൻ (ഡെമോഗോൾഡ്), അസിത്രോമൈസിൻ, മെഫനാമിക് ആസിഡ് 250, 550 മില്ലി ഗ്രാം, പൈറോക്സികാം 20 മില്ലിഗ്രാം



മനോരമ

കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ ചെളിയായ മുറ്റത്ത് മണ്ണിട്ടു നികത്തുന്നു.

## ശ്മശാനത്തിലേക്കുള്ള

കോഴിക്കോട്

2009 ആഗസ്റ്റ് 3 തിങ്കൾ

Founder Editor : K. Sukumaran B. A.

# കേരളകൗമുദി

FAROOK COLLEGE LIBRARY DATE....... FAROOK COLLEGE

98

www.keralakaumudi.com

കർക്കടകം 18 1184 · Thiruvananthapuram · Kollam · Alappuzha · Kottayam · Kochi · Thrissur · Kozhikode · Kannur · Bangalore · പേജ് 12 · വില 4.00 രൂപ

# നിലാവ് മാഞ്ഞു

## പാണക്കാട് ശിഹാബ് തങ്ങൾക്ക് ജനലക്ഷങ്ങളുടെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

### ജനപ്രവാഹം കാരണം ഘട്ടം ഘട്ടമായി മയ്യിത്ത് നമസ്കാരം പൂർത്തിയാക്കി

മലപ്പുറം: നിറഞ്ഞ കണ്ണുകളോടെ,നിലയ്ക്കാത്ത പ്രാർത്ഥനയോടെ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് ജനസാഗരം സ്നേഹാദരവോടെ വിട നൽകി. ജനലക്ഷങ്ങളുടെ തസ്ബീത് പ്രാർത്ഥന നിറഞ്ഞ അന്തരീക്ഷത്തിൽ തങ്ങളുടെ ഭൗതികശരീരം കൊടപ്പനയ്ക്കൽ തറവാടിനടുത്തുള്ള പാണക്കാട് ജുമാ മസ്ജിദിൽ കബറടക്കി. ആചാരവെടികളുൾപ്പെടെ പൂർണ സർക്കാർ ബഹുമതികളോടെയായിരുന്നു കബറടക്കം.

എല്ലാ വഴികളും ഇന്നലെ കബർസ്ഥാനിലേക്കായിരുന്നു. മലപ്പുറം അക്ഷരാർത്ഥത്തിൽ ജനസാഗരമായിരുന്നു. ആത്മീയാചാര്യന്റെ ഭൗതികശരീരം പൊതുദർശനത്തിന് വച്ച ടൗൺഹാൾ മുതൽ കബർസ്ഥാൻ വരെയുള്ള പത്തു കിലോമീറ്റർ ദൂരം സൂചി കുത്താനിടമില്ലാത്തവിധം ജനനിബിഡമായിരുന്നു. മലപ്പുറം നാളിതേവരെ ദർശിച്ചിട്ടില്ലാത്ത ജനത്തിരക്ക്.

ജുമാമസ്ജിദിന്റെ ടെറസിലും ജനാലയിലും കബർസ്ഥാന് അഭിമുഖമായി നിന്ന എല്ലാ സ്ഥലങ്ങളിലും ജനം തിങ്ങിനിറഞ്ഞു. കബർസ്ഥാനിലേക്ക് പ്രവേശിക്കാനാകാതെ ആയിരങ്ങൾ പള്ളിക്കുപുറത്തെ ഇടവഴിയിലും റോഡിലുമായി നിന്ന് പ്രാർത്ഥനയിൽ പങ്കെടുത്തു. തങ്ങളുടെ ആത്മീയാചാര്യനെ അവസാനമായി ഒരു നോക്കു കാണാൻ അങ്ങ് മംഗലാപുരത്തു നിന്നുപോലും ജനങ്ങളെത്തി. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പൊലീസും വോളന്റിയർമാരും നന്നേ പണിപ്പെട്ടു.

ഉച്ചയ്ക്കു രണ്ടുമണിയോടെയാണ് ഭൗതികശരീരം ടൗൺഹാളിൽ നിന്ന് പാണക്കാട്ടേക്കുകൊണ്ടുപോയത്. പള്ളിയിലെ …ാർത്ഥനകൾക്കും ചടങ്ങുകൾക്കും ശേഷം കബർസ്ഥാനി



...ക്കെടുത്തു. തു... ...ൻ, സംസ്ഥാനസർക്കാരിനുവേണ്ടി മന്ത്രി ...കെ. പ്രേമചന്ദ്രൻ, യു.പി.എ സർക്കാരിനേയും കോൺഗ്രസ് ഹൈക്കമാൻഡിനെയും പ്രതിനിധീകരിച്ച് കേന്ദ്ര ആരോഗ്യമന്ത്രി ഗുലാം നബി ആസാദ്, പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി, കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, കേരള കോൺഗ്രസ് നേതാവ് കെ.എം. മാണി, മുൻമന്ത്രി എം.കെ.മുനീർ, സി.എം.പി നേതാവ് സി.പി. ജോൺ, ഇ.ടി. മുഹമ്മദ് ബഷീർ എം.പി തുടങ്ങിയവർ നേരത്തെതന്നെ കബറിടത്തിനു സമീപം നിലയുറപ്പിച്ചിരുന്നു. മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി, ശിഹാബ് തങ്ങളുടെ സഹോദരൻമാർ, മക്കൾ എന്നിവരെല്ലാം ഭൗതികശരീരത്തെ അനുഗമിച്ചിരുന്നു.

ഒടുവിൽ ശിഹാബ് തങ്ങളുടെ ഭൗതികശരീരം കബറിലേക്കിറക്കിവച്ചപ്പോൾ അതുവരെ നനഞ്ഞ കണ്ണുമായി പ്രാർത്ഥിക്കുകയായിരുന്ന ജനത്തിന്റെ ശബ്ദം ഇടറി. അവസാനമായി കാണാൻ അനുവദിക്കണേ എന്ന അഭ്യർത്ഥനയോടെ എല്ലാവരും തിക്കിത്തിരക്കി. കബറിടത്തിലേക്ക് മണ്ണ് വാരിയിടാനുള്ള തിരക്കായിരുന്നു.

## ഹൈദരലി ശിഹാബ് തങ്ങൾ താൽക്കാലിക പ്രസിഡന്റ്

മലപ്പുറം: മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ടിന്റെ ചുമലത താൽക്കാലികമായി ജില്ലാ പ്രസിഡണ്ട് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെ ഏൽപ്പിച്ചു. ഇന്നലെ വൈകീട്ട് ആറുമണിയോടെ പാണക്കാട് കൊടപ്പനക്കൽ ചേർന്ന മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗമാണ് പാണക്കാട് തങ്ങളുടെ ഇളയ സഹോദരനായ ഹൈദരലി ശിഹാബ് തങ്ങളെ തിരഞ്ഞെടുത്തത്. അടുത്തുതന്നെ ചേരുന്ന മുസ്ലീം ലീഗ് സംസ്ഥാന ജനറൽ കൗൺസിൽ ഈ തീരുമാനത്തെ ശരിവയ്ക്കുന്നതോടെ ഹൈദരലി ശിഹാബ് തങ്ങൾ ലീഗിന്റെ സംസ്ഥാന പ്രസിഡണ്ടാവും. സെക്രട്ടറിയേറ്റിന്റെ തീരുമാനം ഇ. അഹമ്മദാണ് മാധ്യമ പ്രവർത്തകരെ അറിയിച്ചത്.



കഴിഞ്ഞ 25 വർഷമായി മുസ്ലീം ലീഗ് ജില്ലാ പ്രസിഡണ്ടായ ഹൈദരലി ശിഹാബ് തങ്ങൾ ഒരു വർഷമായി മുഹമ്മദലി ശിഹാബ് തങ്ങൾ പാർട്ടിയിലും മത സംഘടനയിലും കൈകാര്യം ചെയ്തിരുന്ന ജോലികൾ നോക്കിനടത്തുകയാണ്. നിരവധി പള്ളികളുടെ ഖാളിയായ ഈ അമ്പത്തിയേഴുകാരൻ ഒട്ടേറെ മതസ്ഥാപനങ്ങളുടെ പ്രസിഡണ്ടുകൂടിയാണ്. മുസ്ലീം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ അച്ചടക്ക സമിതി ചെയർമാൻകൂടിയാണ് ഹൈദരലി ശിഹാബ് തങ്ങൾ.



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം മലപ്പുറം ടൗൺഹാളിലെ പൊതുദർശനത്തിനുശേഷം ഖബറടക്കത്തിനായി പാണക്കാട് ജുമാമസ്ജിദി... കൊണ്ടുപോകുന്നു

ഫോട്ടോ: പി.ജെ...

### തലവര

മുരളിയെ എടുക്കുന്നത് തീരുമാനിക്കേണ്ടത് കെ.പി.സി.സി: മൊഹ്സീന കിദ്വായ്




മോഹങ്ങൾ മുരടിച്ചു...
മൊഹ്സീന 'കൈ' മരവിച്ചു...
മനസ്സുമാത്രം... മനസ്സുമാത്രം...

# ജനപ്രവാഹത്തിൽ വീർപ്പുമുട്ടി മലപ്പുറം

**സ്വന്തം ലേഖകൻ**

മലപ്പുറം: കേട്ടവർ കേട്ടവർ മലപ്പുറം കിഴേക്കത്തലയിലെ കെ.പി. എം. ഹോസ്പിറ്റലിലേക്ക് ഓടുകയായിരുന്നു. ആദ്യം ആർക്കും വിശ്വസിക്കാൻ കഴിഞ്ഞില്ല. കേട്ടവർക്കാർക്കും പുറത്തുപറയാൻ ധൈര്യവും ഉണ്ടായിരുന്നില്ല. പാണക്കാട് തങ്ങൾ മരിച്ചു എന്നെങ്ങനെ പറയും. പറഞ്ഞവനെ ചിലർ വഴക്കുപറഞ്ഞു. ഒമ്പതരയോടെ നാടുമുഴുവൻ അറിഞ്ഞു. പാണക്കാട് തങ്ങൾ പോയെന്ന്. അതോടെ എല്ലാവരും ആശുപത്രിയിലേക്ക് ഓടുകയായിരുന്നു. ആശുപത്രിയിലെത്തിയപ്പോഴേക്കും അവിടംമുഴുവൻ ജനനിബിഢമായിരുന്നു. റോഡ് മുഴുവൻ തടസ്സങ്ങളായി. എട്ടുകിലോമീറ്ററിലധികം നടന്നാണ് പലരും പാണക്കാടെത്തിയത്.

രാവിലെ മൃതദേഹം മലപ്പുറം ടൗൺ ഹാളിൽ പൊതുദർശനത്തിന് വെയ്ക്കുമെന്നറിഞ്ഞ് രാത്രി 12 മണിയോടെ തന്നെ മലപ്പുറത്തേക്ക് ജനങ്ങൾ പ്രവഹിക്കുകയായിരുന്നു.

ടൗൺഹാളിന് തൊട്ടടുത്ത കടകളുടെയും കെട്ടിടങ്ങളുടെയും പടികളിൽ കടലാസ് വിരിച്ച് ഇരിക്കുകയായിരുന്നു പലരും. ചിലർ കനത്ത മഴയത്തും കുടപിടിച്ച് നിൽക്കുന്നതും കാണാമായിരുന്നു. ആരും ഉറങ്ങിയിരുന്നില്ല. ഇവരെ ആരും വിളിച്ചുകൊണ്ടുവന്നതുമല്ല. എന്തോ ആന്തരിക പ്രേരണപോലെ എല്ലാവരും മലപ്പുറത്തേക്ക് ഓടിവരികയായിരുന്നു. ടൗൺഹാളിലേക്ക് മൃതദേഹം പൊതുദർശനത്തിന് വെയ്ക്കുന്നതിനുള്ള സൗകര്യത്തിനായി വേലികുഴിച്ചിടാൻ മുളകൾ കൊണ്ടുവരുന്നത് ജനത്തിരക്കുമൂലം മണിക്കൂറുകൾ വൈകി. ഒടുവിൽ മൃതദേഹം എത്തുന്നതിന് തൊട്ടുമുമ്പാണ് വേലികെട്ടിയത്. മലപ്പുറത്തേക്കുള്ള എല്ലാ റോഡുകളും ജനനിബഡമായിരുന്നു. കിലോമീറ്ററുകളോളം വാഹനഗതാഗതം താറുമാറായി. പെരിന്തൽമണ്ണ ഭാഗത്തുനിന്നുള്ള ബസുകൾ ആറുകിലോമീറ്റർ അകലെ വരെമാത്രമേ വന്നുള്ളൂ. മഞ്ചേരി ഭാഗത്തുനിന്നുള്ള ബസുകൾ ആറുകിലോമീറ്റർ വരെ ആനക്കയത്തുനിന്ന് യാത്ര മുടക്കി. തിരൂർ ഭാഗത്തുനിന്നുള്ള ബസുകൾ കോട്ടക്കൽ വരെ വന്നുള്ളൂ. കോഴിക്കോട് നിന്ന് വരുന്ന പല ബസുകളും റോഡ് ബ്ളോക്ക് മൂലം വള്ളുവമ്പ്രത്തുനിന്ന് തിരിച്ചുവിട്ടു. ചിലർ ഓട്ടോയിൽ കയറി.

ഭൂരിഭാഗം പേരും കിലോമീറ്ററോളം നടന്നാണ് മലപ്പുറത്തെത്തിയത്. അവരിൽ പലർക്കും മൃതദേഹം ഒരു നോക്കുപോലും കാണാൻ കഴിഞ്ഞില്ല. നടക്കേണ്ടിവരുമെന്നറിഞ്ഞിട്ടാണ് പലരും വന്നത്. പലരും ശിഹാബ് തങ്ങളെ ഇതുവരെ നേരിട്ടു കണ്ടിട്ടേയുണ്ടായിരുന്നില്ല. പലരും മുസ്ലീം ലീഗുകാരുമായിരുന്നില്ല. വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരും ഒരു രാഷ്ട്രീയമില്ലാത്തവരും എന്തോ ഉൾവിളിപോലെ തങ്ങളെ കാണാൻ ഓടിയെത്തുകയായിരുന്നു. മലപ്പുറത്തേക്കൊഴുകിയെത്തിയ പതിനായിരങ്ങളെ ഉൾക്കൊള്ളാൻ ഈ കൊച്ചു നഗരത്തിനോ ചെറിയ ടൗൺഹാളിനോ ആയി... ഓരോ പതിനഞ്ച് മിനിട്ട് ഇടവിട്ട ടൗൺഹാളിൽ പ്രത്യേക നമസ്കാ...ങ്ങൾ നടക്കുകയായിരുന്നു.

ശനിയാഴ്ച രാത്രിമുതൽ മലബാ...ന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനം ...ലപ്പുറത്തേക്ക് പ്രവഹിക്കുകയായിരുന്...


പേജ് 6-7

- ചന്ദ്രനെപ്പോലെ...
- പൂമുഖക്കോലായിൽ ആ കസേര തനിച്ചായി



ശിഹാബ് തങ്ങളുടെ അന്ത്യകർമ്മങ്ങൾക്ക് മുന്നോടിയായി ഔദ്യോഗികബഹുമതിയോടെ ആചാരവെടിമുഴക്കുന്നു

## മൂത്ത മകൻ തളർന്നുവീണു

മലപ്പുറം: എന്നും സ്നേഹസാന്ത്വനമായി നിന്ന പിതാവിന്റെ ഖബറടക്കത്തിനിടയിൽ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൂത്തമകൻ ബഷീറലി ശിഹാബ് തങ്ങൾ തളർന്ന് വീണു. പാണക്കാട് ജുമാ അത്ത് പള്ളി ഖബർസ്ഥാനിൽ പത്നി ശരീഫാബീവിയുടെ ഖബറിടത്തിനടുത്താണ് ശിഹാബ് തങ്ങൾക്കും ഖബറൊരുക്കിയത്. മൃതദേഹം ഖബറിലേക്ക് വച്ചതിനുശേഷമാണ് ബഷീറലി തങ്ങൾ തലചുറ്റി വീണത്. കൂടെയുണ്ടായിരുന്നവർ ചേർന്ന് ബഷീറലിയെ തൊട്ടടുത്ത വീട്ടിലേക്കു കൊണ്ടുപോയി.

## മതസൗഹാർദ്ദത്തിനു സദാ നിലകൊണ്ടു : ശശി തരൂർ

തിരുവനന്തപുരം : പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശശി തരൂർ അനുശോചിച്ചു. പ്രതിസന്ധി ഘട്ടങ്ങളിലും മതേതരത്വത്തിൽ അടിയുറച്ചുനിന്നുകൊണ്ട് മതസൗഹാർദ്ദത്തിനു വേണ്ടി അദ്ദേഹം ശക്തമായി നിലകൊണ്ടതിന്റെ ഗുണം കേരളീയ സമൂഹം അനുഭവിച്ചറിഞ്ഞതാണെന്ന് ശശി തരൂർ പറഞ്ഞു.

പാണക്കാട് ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മന്ത്രി മുല്ലക്കര രത്നാകരൻ അനുശോചിച്ചു.

പാണക്കാട് തങ്ങളുടെ നിര്യാണത്തിൽ ആർ. എസ്.പി (ബേബിജോൺ) സംസ്ഥാന ജനറൽ സെക്രട്ടറി ഷിബു ബേബിജോൺ, യു.ടി.യു.സി (ബി) സംസ്ഥാന പ്രസിഡന്റ് ചവറ വാസുപിള്ള, സെക്രട്ടറി സലിം ജി. മോടയിൽ, ആർ.വൈ. എഫ് (ബി) സംസ്ഥാന പ്രസിഡന്റ് പി.ടി. ശ്രീകുമാർ, സെക്രട്ടറി കെ. ചന്ദ്രബാബു എന്നിവർ അനുശോചിച്ചു.

# കടലുണ്ടിപ്പുഴയ്ക്കു മേൽ കണ്ണീർപ്പുഴ

**സ്വന്തം ലേഖകൻ**

മലപ്പുറം : വേനലിലും വറ്റാതൊഴുകുന്ന കടലുണ്ടിപ്പുഴ പാണക്കാടിന്റെ മണ്ണിനെ എന്നും നനച്ചിരുന്നു. എന്നാൽ ഇന്നലെ കടലുണ്ടിപ്പുഴയ്ക്ക് മേലെ ഒരു ജനതയുടെ കണ്ണീർപ്രവാഹമായിരുന്നു. വറ്റാതെ, പിശുക്കില്ലാതെ ആർക്കും വാരിക്കോരി നൽകിയിരുന്ന പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ സ്നേഹത്തിന് പകരം നൽകാൻ ഒരു ജനതയ്ക്കുണ്ടായിരുന്നത് ഇതു മാത്രമായിരുന്നു. ഇന്നലെ വരെ സാന്ത്വനിപ്പിക്കാനും പരാതികൾ കേൾക്കാനും വാൽസല്യം ചൊരിയാനുമുണ്ടായിരുന്ന പാണക്കാട് വല്യതങ്ങൾ ഇനിയില്ലെന്ന ഓർമ്മപ്പെടുത്തൽ മലപ്പുറത്തേക്ക് പ്രവഹിച്ചു കൊണ്ടിരുന്ന ലക്ഷങ്ങളെ കണ്ണീരണിയിച്ചു. ശിഹാബ് തങ്ങളുടെ സ്നേഹം നേരിട്ട് അനുഭവിക്കാൻ കഴിയാത്തവർക്കും ഉള്ളിൽ തികട്ടി നിന്ന വിതുമ്പലിനെ അടക്കാനായിരുന്നില്ല. പാണക്കാട് തങ്ങളുടെ നിഷ്കളങ്കമായ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു ശനിയാഴ്ച രാത്രി മുതൽ ഇന്നലെ വൈകീട്ടു വരെ പാണക്കാട്ടേക്കും മലപ്പുറത്തേക്കുണ്ടായ ജനപ്രവാഹം.

ഇന്നലെ മലപ്പുറം ടൗൺ ഹാളിൽ പൊതുദർശനത്തിന് വച്ച ശിഹാബ് തങ്ങളുടെ ഭൗതീക ശരീരം ഒരു നോക്ക് കാണാൻ പുലർകാലത്ത് എത്തിയ ആളുകൾ മണിക്കൂറുകളോളം കാത്തു നിന്ന് പരാതികളില്ലാതെ, പരിഭവം പറയാതെ മടങ്ങുമ്പോൾ വൈകുന്നേരമായിരുന്നു. കാലത്ത് മാനം മൂടിയ മേഘങ്ങൾ പെയ്യാതെ മാറി നിന്ന് കനത്ത ചൂട് സമ്മാനിക്കാതെ ആളുകൾക്ക് സൗകര്യമൊരുക്കി. തിരക്കു നിയന്ത്രിക്കാനെത്തിയ പൊലീസും പാർട്ടി പ്രവർത്തകരും പരമാവധി ആളുകൾക്ക് അന്ത്യാഞ്ജലിയർപ്പിക്കാൻ സൗകര്യമൊരുക്കുന്നുണ്ടായിരുന്നുവെങ്കിലും സമയം തീർന്നതിനാൽ തങ്ങളുടെ ഭൗതികശരീരം അവസാനമായി ഒരു നോക്കുകാണാൻ സാധിക്കാതെ മടങ്ങിയത് ആയിരങ്ങളാണ്. മലപ്പുറത്തിന്റെ നിത്യസാന്നിദ്ധ്യമായിരുന്ന ശിഹാബ് തങ്ങളുടെ അവസാനമടക്കവും പറഞ്ഞറിയിക്കാനാവാത്ത വിധം വികാരപരമായിരുന്നു. റോഡരികത്തെ കെട്ടിടങ്ങളുടെ ചുമർ ചാരിനിന്ന് പലരും വിതുമ്പുന്നതും ഇന്നലെ മലപ്പുറത്തിന്റെ കാഴ്ചകളിൽ തങ്ങി നിന്നു.

പാണക്കാട്ടെ, ശിഹാബ് തങ്ങളുടെ ഇഷ്ടപ്രദേശമായ കടലുണ്ടിപ്പുഴയോട് ചേർന്ന് പ്രിയതമയുടെയും സഹോദരന്റെയും കബറുകൾക്കരികിലാണ് തങ്ങൾ നിത്യനിദ്ര കൊള്ളുന്നത്.

## ശിഹാബ് തങ്ങൾക്ക് അന്ത്യാഞ്ജലിയുമായി പ്രമുഖർ

മലപ്പുറം: സമാധാനത്തിന്റെ സ്നേഹദൂതന് അന്ത്യാഞ്ജലിയർപ്പിക്കാൻ കേരളത്തിനകത്തും പുറത്തും വിദേശത്തുനിന്നുമടക്കം പതിനായിരങ്ങളാണ് മലപ്പുറത്ത് എത്തിക്കൊണ്ടിരുന്നത്. ജനത്തിരക്ക് മൂലം ഒന്നിച്ച് നടത്താൻ കഴിയാതിരുന്ന മയ്യിത്ത് നമസ്കാരം ഘട്ടം ഘട്ടമായാണ് നടത്തിയത്. ആദ്യനമസ്കാരത്തിന് സഹോദരൻ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളാണ് നേതൃത്വം നൽകിയത്. തുടർന്ന് എം.പി അബ്ദുസമദ്സമദാനിയും ഖത്തർ പാർലമെന്റ് അംഗം ഷെയ്ഖ് അഹമ്മദ് മുഹമ്മദ് അംദാൻ, സമസ്ത നേതാവ് കാളമ്പാടി മുഹമ്മദ് മുസ്ല്യാർ, പാണക്കാട് അബ്ബാസലി ശിഹാബ്തങ്ങൾ, ഹുസൈൻ ബാഫഖി തങ്ങൾ എന്നിവർ നേതൃത്വം നൽകി.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, കേന്ദ്രമന്ത്രി ഗുലാം നബി ആസാദ്,കേന്ദ്ര റെയിൽവേ സഹമന്ത്രി ഇ. അഹമ്മദ്, കേന്ദ്രമന്ത്രി വയലാർ രവി, സ്പീക്കർ കെ. രാധാകൃഷ്ണൻ, ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ, വ്യവസായമന്ത്രി എളമരംകരീം, തദ്ദേശസ്വയംഭരണമ



തങ്ങളുടെ മൃതദേഹത്തിനരികിൽ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ



കേന്ദ്രമന്ത്രി ഗുലാംനബി ആസാദും രമേശ് ചെന്നിത്തലയും



കേന്ദ്രമന്ത്രി വയലാർ രവി



മന്ത്രി പാലോളി മുഹമ്മ

Vol. No 26 Issue No.213 R.No. 44655/86 (R.No. KL/CT/4-2000-0…) … e-mail: cltdesk@gmail.com Editor: M.S. Madhusooda…
0495-2355621, 2356622, 3941050. Fax: 2354129.

# ...പോലെ...

ങ്ങളുടെ നേതൃത്വം കൊണ്ടായിരുന്നു. മുസ്‌ലിം ലീഗിന്റെ ഹൃദയ വേദനയിൽ കോൺഗ്രസ്സും പങ്കുചേരുന്നു.

അസഹിഷ്ണുതയോടെ രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടിവരുമ്പോൾ സൗഹൃദത്തിലേക്ക് അതിനെ തിരിച്ചുവിട്ട അപൂർവ്വ വ്യക്തിത്വങ്ങളിലൊരാളായിരുന്ന പാണക്കാട് തങ്ങളെന്ന് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിന് തീരാനഷ്ടമാണ്.

കേരളത്തിന് ആദ്ധ്യാത്മിക നേതാവിനെയും രാഷ്ട്രീയ ഗുരുവിനെയും നഷ്ടപ്പെട്ടുവെന്ന് കേരള കോൺഗ്രസ് (എം) നേതാവ് കെ. എം. മാണി പറഞ്ഞു. സുകൃത ജീവിതവും നിഷ്കളങ്കതയും കാരുണ്യവുമായിരുന്നു തങ്ങൾ. അദ്ദേഹത്തിന്റെ കാൽപ്പാടുകൾ പിന്തുടരാൻ നമുക്ക് കഴിയട്ടെ.

മുസ്‌ലിങ്ങളുടെ ഉന്നതിയ്ക്കൊപ്പം രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്ക് വേണ്ടി അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച ആളാണ് പാണക്കാട് തങ്ങളെന്ന് ഖത്തറിലെ പാർലമെന്റ് അംഗം അഹമ്മദ് മുഹമ്മദ് ഉബൈദാർ പറഞ്ഞു. ശുദ്ധമായ ദൈവ ഭക്തിയും പ്രവാചകനിലുള്ള അചഞ്ചലമായ വിശ്വാസവും അദ്ദേഹം പ്രകടിപ്പിച്ചു.

മതവർഗ്ഗീയശക്തികൾ അഴിഞ്ഞാടിയപ്പോൾ അതിനെ ചെറുത്തുതോൽപ്പിച്ചയാളാണ് പാണക്കാട് തങ്ങളെന്ന് സി. എം. പി നേതാവ് എം. വി. രാഘവൻ പറഞ്ഞു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആശാകേന്ദ്രമായിരുന്നു അദ്ദേഹം.

ശിഹാബ് തങ്ങളുടെ ലാളിത്യം ഒരു അമൂല്യസംഭാവനയായിരുന്നുവെന്ന് കടന്നപ്പള്ളി രാമചന്ദ്രൻ എം.എൽ.എ. പറഞ്ഞു. അദ്ദേഹത്തിന്റെ സാന്നിധ്യം മതസാമൂഹ്യ രംഗങ്ങളിൽ ഉണർവ്വായിരുന്നു.

77ൽ തന്റെ കന്നി തിരഞ്ഞെടുപ്പ് മത്സരത്തിൽ കാഞ്ഞിരമറ്റത്ത് പാണക്കാട് തങ്ങൾ പൊതുയോഗത്തിൽ പ്രസംഗിക്കാൻ വന്നകാര്യം കേരള കോൺ. നേതാവ് ടി. എം. ജേക്കബ്ബ് അനുസ്മരിച്ചു. അഞ്ച് മിനിട്ടേ പ്രസംഗിച്ചുള്ളൂവെങ്കിലും ആ പ്രസംഗം കന്നിയങ്കത്തിൽ വിജയിക്കാനുള്ള പ്രചോദനം നൽകി. തങ്ങളുടേത് അവസാന വാക്കായിരുന്നു. അവസാനവാക്കാവാനുള്ള ഒരാളെ കണ്ടെത്താൻ ഇനി എത്ര നാൾ കാത്തിരിക്കേണ്ടിവരുമെന്ന് ജേക്കബ്ബ് ഉത്കണ്ഠപ്പെട്ടു.

തങ്ങളുടെ മരണത്തിലൂടെ വെളിച്ചം പോയി ഇരുട്ടുപരന്നതായി ജെ. എസ്. എസ്. നേതാവ് എ. എൻ. രാജൻ ബാബു പറഞ്ഞു. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ തങ്ങളുടെ ബന്ധത്തെ ഒരിക്കലും ബാധിച്ചില്ലെന്ന് സി. പി. എം നേതാവ് ടി. കെ. ഹംസ പറഞ്ഞു. അത്രയും ഉയർന്ന മാനസികാവസ്ഥയായിരുന്നു ശിഹാബ് തങ്ങളുടേത്.




# പൂമുഖക്കോലായിൽ ആ കസേര തനിച്ചായി

പി. ചന്ദ്രൻ

മലപ്പുറം: അധികാരക്കസേരയിലേക്ക് തങ്ങൾ ഒരിക്കലും ഉണ്ടായിരുന്നില്ല. പക്ഷേ തങ്ങൾക്ക് ഒരു അധികാര കസേരയുണ്ടായിരുന്നു. പാണക്കാട് കൊടപ്പനക്കൽ തറവാട്ടിലെ പൂമുഖത്തെ ചാരുകസേര. ആ കസേരയ്ക്ക് കോടതി വാക്കുകളുടെ വിലയുണ്ടായിരുന്നു. പൂമുഖത്തെ ചാരുകസേര ഇപ്പോഴും കിടക്കുന്നു.... പക്ഷേ അവിടെ അതിന്റെ അധിപനില്ല.

തടിച്ചു കൂടിയ ജനസമൂഹത്തിന്റെ ആശ്രയം നഷ്ടമായതുപോലെ ആ ചാരുകസേരയും തനിച്ചായിപ്പോയിരിക്കുന്നു. വ്യക്തിയുടെ, സമൂഹത്തിന്റെ സമുദായത്തിന്റെ രാജ്യത്തിന്റെ രാഷ്ട്രീയത്തിന്റെ നിർണ്ണായക തീരുമാനങ്ങൾ പലപ്പോഴും ഈ ചാരുകസേരയിൽ നിന്നാണ് പുറത്തറിഞ്ഞത്. ശിഹാബ് തങ്ങളുടെ കാലത്തിനു പിറകിലേക്കുള്ള മടക്കം കൊടപ്പനക്കൽ പൂമുഖത്തെ ചാരുകസേരയ്ക്ക് നൽകുന്ന ശൂന്യത സ്നേഹത്തിന്റെ സാന്ത്വനം തേടിയെത്തുന്ന ഒരു സമൂഹത്തിന്റെ ആകെ ശൂന്യതയാവുകയാണ്. തങ്ങൾ കടന്നു പോകുമ്പോൾ ഒരു കാലഘട്ടമാണ് അവസാനിക്കുന്നത്. ആരോടും പരിഭവമില്ലാതെ കുട്ടികളോടു പോലും സൗഹൃദം കാത്തു സൂക്ഷിച്ചതാണ് ശിഹാബ് തങ്ങളെ മറ്റ് മേഖലകളിൽ നിന്നും മാറ്റി നിറുത്തുന്ന സവിശേഷത. മനസ് നിറയെ സംഘർഷങ്ങളുമായെത്തുന്നവർക്ക് തങ്ങളുടെ തലോടൽ കിട്ടിയാൽ മതി. അവിടെ തീരും. എത്ര തിരക്കുകളുണ്ടായാലും തന്നെ തേടിയെത്തിയിരുന്നവർക്ക് മുഖം നൽകാതെ അവരുടെ പ്രശ്നം തീർക്കാതെ വെള്ളം പോലും വേണ്ടെന്ന കാർക്കശ്യമായിരുന്നു തങ്ങൾക്ക്.

കർമ്മപാതയിൽ ഒരു കാലം അവസാനിപ്പിച്ച് ശിഹാബ് തങ്ങൾ കടന്നു പോകുമ്പോൾ പകരം വരാനില്ലാത്ത ഒരു നന്മയുടെ ശൂന്യത വീണ്ടും ഓർമ്മപ്പെടുത്തുന്നു.




ശിഹാബ് തങ്ങളുടെ ഭൗതിക ശരീരം മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ചപ്പോൾ കാണാനെത്തിയവരുടെ തിരക്ക്

ന്ത്രി പാലോളി മുഹമ്മദ്കുട്ടി വനം
മന്ത്രി ബിനോയ് വിശ്വം,റവന്യൂമന്ത്രി
കെ.പി.രാജേന്ദ്രൻ, മന്ത്രി
എൻ.കെ.പ്രേമചന്ദ്രൻ, മന്ത്രി ശർമ്മ,
പി.കെ. ശ്രീമതി, പ്രതിപക്ഷ നേതാ
വ് ഉമ്മൻചാണ്ടി, ഡെപ്യൂട്ടി സ്പീ
ക്കർ ജോസ് ബേബി, കെ. പി. സി.
സി. പ്രസിഡണ്ട് രമേശ് ചെന്നി
ത്തല, യു.ഡി.എഫ് കൺവീനർ
പി.പി.തങ്കച്ചൻ, കേരള കോൺഗ്രസ്
നേതാവ് കെ. എം. മാണി, കെ. മുര
ളീധരൻ, എം.എൽ.എമാരായ
ആര്യാടൻ മുഹമ്മദ്, വി.ഡി.സതീശൻ,
ടി.എൻ. പ്രതാപൻ, കെ.ബാബു
കെ.മുഹമ്മദുണ്ണിഹാജി, അബ്ദുറഹി
മാൻ രണ്ടത്താണി, അഡ്വ.എം. ഉമ്മർ,
മഞ്ഞളാംകുഴി അലി, ഡോ.കെ.ടി.ജ
ലീൽ, പി.കെ.അബ്ദുറബ്ബ്, പി.പി.അ
ബ്ദുള്ളക്കുട്ടി, ഡോ.എം.കെ.മുനീർ,
കെ.മുഹമ്മദുണ്ണിഹാജി, സമസ്ത പ്ര-
സിഡന്റ് കാളമ്പാടി മുഹമ്മദ് മു
സ്ല്യാർ, ജനറൽ സെക്രട്ടറി ചെറു
ശേരി സൈനുദ്ദീൻ മുസ്ല്യാർ, ഹജ്ക
മ്മിറ്റിയംഗം കടയ്ക്കൽ അബ്ദുൾ അ
സീസ് മൗലവി, ഷെയ്ഖ് മുഹമ്മദ് കാ
രക്കുന്ന്, ടി.കെ.ബാവ മുസ്ല്യാർ, ഹ
മീദലി ഷംനാട്, പാളയം ഇമാം ജ
മാൽ മങ്കട, എം.പി.മാരായ എം.
ഐ. ഷാനവാസ്, ഇ.ടിമുഹമ്മദ്
ബഷീർ, മ്അദനി, ആർ. ബാലകൃ
ഷ്ണപിള്ള തുടങ്ങിയവർ അന്ത്യാ
ഞ്ജലി അർപ്പിച്ചു.



പാലോളിഹമ്മദ്കുട്ടിയും ടി. കെ. ഹംസയും



കേന്ദ്രമന്ത്രി ഇ. അഹമ്മദ് പൊട്ടിക്കരയുന്നു

# ഇ. അഹമ്മദ് പൊട്ടിക്കരഞ്ഞു

മലപ്പുറം: മൂന്നുദശകം തന്റെ അ
നിഷേധ്യനേതാവായിരുന്ന പാണക്കാ
ട് മുഹമ്മദലി ശിഹാബ് തങ്ങളുടെ നി
ശ്ചലശരീരം കണ്ട് മുസ്ലീം ലീഗിന്റെ
മുതിർന്ന നേതാവ് ഇ. അഹമ്മദ് ദു:ഖ
മടക്കാനാകാതെ പൊട്ടിക്കരഞ്ഞു. മല
പ്പുറം ടൗൺഹാളിൽ മൃതദേഹം കാ
ണാനെത്തിയപ്പോഴാണ് ഇ. അഹമ്മദ്
സങ്കടമടക്കാനാകാതെ വിങ്ങിയത്.

പി.കെ.കുഞ്ഞാലിക്കുട്ടിയും അബ്ദുസ
മദ് സമദാനിയുമടക്കമുള്ള നേതാക്കൾ ചേർ
ന്ന് സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും
ഇ. അഹമ്മദിനെ ആശ്വസിപ്പിക്കാനായില്ല.
തുടർന്ന് പ്രവർത്തകർ താങ്ങിപ്പിടിച്ച് അ
ദ്ദേഹത്തെ ടൗൺഹാളിനകത്തെത്തിച്ചു.
കസേരയിലിരുന്ന വിങ്ങിപ്പൊട്ടിയ അദ്ദേഹ
ത്തിനു ചുറ്റും ലീഗ് നേതാക്കളും പ്രവർ
ത്തകരും തടിച്ചുകൂടി. കുട്ടി അഹമ്മദ് കു
ട്ടി എം.എൽ.എയും മുസ്ലീം ലീഗ് ജില്ലാ
ജനറൽ സെക്രട്ടറി പി.കെ. അബ്ദുറബ്ബും
അദ്ദേഹത്തെ ആശ്വസിപ്പിക്കാനൊരുങ്ങിയെ
ങ്കിലും പിന്മാറി. തുടർന്ന് ഇരുവരും പ്ര
വർത്തകരോട് അകന്ന് മാറിനിൽക്കാൻ ആ
വശ്യപ്പെട്ടുവെങ്കിലും ആരും മാറിയില്ല. ഇ
തിനിടയിൽ ചില പ്രവർത്തകർ അഹമ്മദ്
കരയുന്നത് മൊബൈലിൽ പകർത്തുന്നു
ണ്ടായിരുന്നു.

ഏറെ നേരം മുഖം പൊത്തിയും ടൗവൽ
കൊണ്ട് കണ്ണീർ തുടച്ചും അഹമ്മദ് അന
ങ്ങാതെ ഇരുന്നു. തിരൂരിലെ സാമൂഹിക
പ്രവർത്തകനായ ഡോ. ആലിക്കുട്ടി സമീ
പമെത്തി ആശ്വാസവാക്കുകൾ പറഞ്ഞെ
ങ്കിലും ഫലമൊന്നുമുണ്ടായില്ല. തുടർന്ന്
മന്ത്രി പി.കെ. ശ്രീമതി ആശ്വസിപ്പിക്കാ
നെത്തിയെങ്കിലും അഹമ്മദിന്റെ കണ്ണീർ
നിറഞ്ഞ മുഖം കണ്ട് പിന്മാറി.